**പതിനാലാം കേരളനിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.547 — 30.06.2016 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് ധനസഹായം**

| ചോദ്യം<br>ശ്രീ.എം.എം.മണി | ഉത്തരം<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരാകുന്ന ജനങ്ങൾക്ക് നൽകിവരുന്ന സഹായം എന്തൊക്കെയാണ്; ജീവഹാനി വരുന്നവരുടെ ആശ്രിതർക്ക് എത്ര രൂപയുടെ ധനസഹായമാണ് നൽകിവരുന്നത്.; | (എ) വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമായി പരിക്ക് പറ്റുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നവർക്ക് ജി.ഒ (എം.എസ്) നം. 32/13/F&WLD തീയതി 22.03.2013 പ്രകാരം പരമാവധി 75,000/- രൂപ വരെയും, വന്യജീവി ആക്രമണം മൂലം മരണപ്പെടുന്ന വ്യക്തിയുടെ ആശ്രിതർക്ക് ജി.ഒ (എം.എസ്) നം.96/14/വനം തീയതി 17.11.14 പ്രകാരം 5,00,000/- രൂപ വരെയും കാടിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1,00,000/- രൂപ വരെയും നഷ്ടപരിഹാരം നൽകി വരുന്നു. |
| (ബി)വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിക്ക്, മതിയായ രേഖകൾ അപേക്ഷകൻ യഥാസമയം ഹാജരാക്കാത്ത സാഹചര്യത്തിലും, മതിയായ ഫണ്ട് ലഭ്യമാകാത്ത് സാഹചര്യത്തിലും മാത്രമാണ് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുള്ളത്. |
| (സി) ഇടുക്കി ജില്ലയിൽ എത്ര അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കാനുണ്ട് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ? | (സി) ഇടുക്കി ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട 5 പേരുടെ ആശ്രിതർക്കും പരിക്കേറ്റ 3 പേർക്കും ധനസഹായം അനുവദിക്കാനുണ്ട്. ഇതിൽ മരണം സംഭവിച്ച 4 പേരുടെ ആശ്രിതർ ധനസഹായത്തിനുള്ള അപേക്ഷ നാളിതുവരെ സമർപ്പിച്ചിട്ടില്ല. ആയത് അടിയന്തിരമായി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പാമ്പുകടി മൂലം ജീവഹാനി സംഭവിച്ച 5-ാമത്തെ ആളുടെ അപേക്ഷ 21.06.2016 ൽ ലഭിയ്ക്കുകയും ആയതിന്മേൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ 3 പേരുടെ അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.